വൈൽഡ്‌ലൈഫ് ചീഫ് കൺസർവേറ്റർ
ഓഫീസ്, തിരുവനന്തപുരം, 22..2..93.

ഡബ്ല്യൂഎൽ9/357/93.

പി.കെ. സുരേന്ദ്രനാഥൻ ആശാരി
ചീഫ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്).

Sri. C. C. Mathew
President
Wayanad Prakrithi Samrakshana Samithi
Sultan's Bathery
Wayanad 673592

സർ,

സൂചന:- വന്യമൃഗങ്ങളുടെ 1993 സെൻസസ്

...

കേരളത്തിലെ വന്യമൃഗങ്ങളുടെ സംസ്ഥാനതല സെൻസസ് പൊതുജന പങ്കാളിത്തത്തോടുകൂടി 1993 ഏപ്രിൽമാസം 26-ാം തീയതി മുതൽ മേയ്മാസം 5-ാം തീയതി വരെ നടത്തുവാൻ ഉദ്ദേശിക്കുന്നു.

ഈ വിഷയം സംബന്ധിച്ച പത്രക്കുറിപ്പിന്റെ ഒരു കോപ്പി താങ്കളുടെ അറിവിലേക്കായി അയക്കുന്നു.

വേണ്ടതു ചെയ്യുമല്ലോ ?

വിശ്വസ്തതയോടെ

(signature)

ഉള്ളടക്കം - 1.

വൈൽഡ്‌ലൈഫ് ചീഫ് കൺസർവേറ്റർക്കുവേണ്ടി

(signature) 23/2

## പത്രക്കുറിപ്പ്

## വന്യജീവി സെൻസസ് 1993

പൊതുജന പങ്കാളിത്തത്തോടുകൂടി, കേരളത്തിലെ വന്യജീവി
കളുടെ സെൻസസ് 1993 ഏപ്രിൽ മാസം 26-ാം തീയതി മുതൽ മേയ്
മാസം 5-ാം തീയതി വരെ നടത്തുവാൻ ഉദ്ദേശിക്കുന്നു.

വന്യജീവി സെൻസസ് പരിപാടിയിൽ വനം വകുപ്പുദ്യോഗസ്ഥന്മാ
രോടൊപ്പം, ഗവേഷകർക്കും, സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കും, നേച്ചർ
ക്ലബ്ബ് അംഗങ്ങൾക്കും, സന്നദ്ധസംഘടനകൾക്കും, പൊതുപ്രവർത്തകർക്കും, വന്യ
ജീവി സംരക്ഷണത്തിൽ താല്പര്യമുള്ളവർക്കും പങ്കെടുക്കാവുന്നതാണ്. വനത്തി
നുള്ളിലെ പരിമിതമായ സൗകര്യങ്ങളിൽ ക്യാംപുചെയ്യുന്നതിനും, ശ്രമകരമായ
സെൻസസ് പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനും തക്ക കായിക ക്ഷമതയുള്ള
വരായിരിക്കണം പങ്കെടുക്കുന്നവർ.

സെൻസസ് പരിപാടികളിൽ പങ്കെടുക്കുന്നവർക്കായി മൂന്നു ദിവസത്തെ
പ്രത്യേക പരിശീലനം 93 മാർച്ചുമാസം മൂന്നാം വാരത്തിൽ കൊടുക്കുന്നതാണ്.

കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് എന്നീ ജില്ലകളി
ലുള്ളവർക്കായി വയനാട്ടുവച്ചും, എറണാകുളം ജില്ലക്കാർക്ക് വാഴച്ചാലിൽവച്ചും,
ഇടുക്കി, കോട്ടയം ജില്ലക്കാർക്കായി ചിന്നാറിൽ വച്ചും, പാലകാട്, തൃശൂർ,
മലപ്പുറം ജില്ലക്കാർക്കായി പറമ്പിക്കുളത്തുവച്ചും, പത്തനംതിട, ആലപ്പുഴ
ജില്ലക്കാർക്കായി തേക്കടിയിൽവച്ചും, കൊല്ലം, തിരുവനന്തപുരം ജില്ല
ക്കാർക്കായി നെയ്യാർ ഡാമിൽവച്ചുമാണ് പരിശീലന പരിപാടികൾ നടത്തുന്നത്.

ഈ വർഷത്തെ വന്യജീവി സെൻസസിലും, പരിശീലന പരിപാടി
കളിലും പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അവരുടെ പേരും, വിലാസവും
"വൈൽഡ്ലൈഫ് ഡിവിഷൻ, കേരള വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി,
തൃശ്ശൂർ - 680 653" എന്ന വിലാസത്തിൽ മാർച്ച് ഒന്നാം തീയതിക്കു
മുൻപായി അറിയിക്കേണ്ടതാണ്.

തുടർച്ച.....2/-

പരിശീലന പരിപാടികളുടെ വിശദവിവരങ്ങൾ പേരു രജിസ്റ്റർ ചെയ്യുന്നവരെ നേരിട്ടറിയിക്കുന്നതാണ്.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(വന്യജീവി വിഭാഗം)